(2) കെ.ഐ. രാജന്റെ ശവകുടീരത്തിൻമേലുണ്ടായ ആക്രമണം

ശ്രീ. എം. ജിനദേവൻ : സർ, മൂന്നാം കേരള നിയമസഭയിലും നാലാം കേരള നിയമസഭയിലും പീരുമേട് നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന യശഃശ്ശരീരനായ കെ. ഐ. രാജനെ അങ്ങേയ്ക്കും ഈ സഭയിലെ മറ്റ് ചിലർക്കും പരിചയം ഉണ്ടെന്നു ഞാൻ കരുതുന്നു. അന്തരിച്ച ശ്രീ. രാജന്റെ ആരാധകർ പീരുമേട് താലൂക്കിൽ പാമ്പനാർ . മുക്കർത്താം വളവിൽ ഒരു ശവകുടീരം പണിതുയർത്തിയിട്ടുണ്ട്. ഇക്കഴിഞ്ഞ ജൂൺ മാസം 21-ാം തീയതി രാത്രി ആരോ അത് തകർത്തു നശിപ്പിച്ചു. തികച്ചും അപലപനീയവും നീചവുമായ ഈ കൃത്യത്തിൽ പങ്കാളികളായവരെ പിടികൂടാനും നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുവാനും പോലീസിനു കഴിഞ്ഞിട്ടില്ല. ഈ കുറ്റകൃത്യം ചെയ്തത് ആരാണെന്നു പോലീസിനറിയാം. എന്നാൽ ഇതുവരെ അതിൽ ഏർപ്പെട്ട കുറ്റവാളികളെ പിടികൂടിയിട്ടില്ല. അങ്ങേക്കും ബഹുമാന്യപ്പെട്ട ആഭ്യന്തരമന്ത്രിക്കും ധാരാളം ആരാധകർ ഉണ്ട് എന്നെനിക്കറിയാം. ബഹുമാനപ്പെട്ട അങ്ങും ആഭ്യന്തര മന്ത്രിയും അന്തരിച്ചു കഴിയുമ്പോൾ ആരാധകർ സ്മാരകങ്ങളോ, ശവകുടീരങ്ങളോ പടുത്തുയർത്തിയെന്നു വരും. രാഷ്ട്രീയ വിരോധം വച്ച് ആരെങ്കിലും അർദ്ധരാത്രിയിൽ അത് തകർത്തുകളഞ്ഞാൽ അങ്ങയുടെ ആരാധകർക്ക് എത്രമാത്രം വികാരം ഉണ്ടാകുമെന്ന് അങ്ങേയ്ക്കറിയാം. ഒരു തൊഴിലാളി പ്രവർത്തകനായി പൊതുജീവിതം ആരംഭിച്ച് കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതൃപദവിയിലേക്ക് ഉയർന്നുവന്ന ഒരു തൊഴിലാളി നേതാവായിരുന്നു ശ്രീ. രാജൻ. നിയമസഭാംഗം ആയിരിക്കേ ഒരു നിയമസഭാ കമ്മിറ്റിയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോഴാണ് കണ്ണൂരിൽ വച്ച് ഹൃദ്രോഗബാധമൂലം അദ്ദേഹം മരണമടയുകയുണ്ടായത്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുവേണ്ടി ആരാധകർ പടുത്തുയർത്തിയ ശവകുടീരം തകർത്തുകളഞ്ഞ ആ നീചസംഭവത്തിന് ഉത്തരവാദികളായവരെ പിടികൂടണം. ഈ കാര്യത്തിൽ യാതൊരു ദാക്ഷിണ്യവും കാണിക്കരുത്. ഈ സഭയിലെ അംഗങ്ങളായ ശ്രീ. കെ. കെ. തോമസ്, വി. എസ്. ചന്ദ്രശേഖരൻ പിള്ള, ജി. വരദൻ, കെ. മൂസ്സക്കുട്ടി തുടങ്ങിയവർ അവിടെ പോയി അത് നേരിട്ട് കണ്ടതാണ്. യാതൊരു ദാക്ഷിണ്യവും കാണിക്കാതെ ഉത്തരവാദികളുടെ പേരിൽ നടപടി എടുക്കണം എന്ന് അവരെല്ലാം പോലീസ് അധികാരികളോട് ആവശ്യപ്പെട്ടതാണ്. ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് ആഭ്യന്തര മന്ത്രി ഇവിടെ ഒരു പ്രസ്താവന നടത്തണമെന്നു ഞാനുവശ്യപ്പെടുന്നു.

ആഭ്യന്തരമന്ത്രി (ശ്രീ. വയലാർ രവി) : സർ, ബഹുമാനപ്പെട്ട ജിനദേവൻ പറഞ്ഞതുപോലെയുള്ള സംഭവം ഉണ്ടായിട്ടുണ്ട്. ശവകുടീരത്തിന്റെ മുകളിൽ ഉണ്ടായിരുന്ന അരിവാളും ചുറ്റികയും തകർക്കുകയും ചില കേടുപാടുകൾ സ്മാരകത്തിനുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. ജിനദേവനും, കെ. കെ. തോമസും എന്നോട് ഈ കാര്യം പറയുകയും ഞാൻതന്നെ നേരിട്ട് വിളിച്ച് കുറ്റക്കാരെ അന്വേഷിച്ച് കണ്ടുപിടിക്കണം, യാതൊരു വിട്ടുവീഴ്ചയും ഇക്കാര്യത്തിൽ കാണിക്കാൻ പാടില്ലായെന്ന് ഉദ്യോഗസ്ഥൻമാരെ അറിയിക്കുകയും ചെയ്തു. കഴിഞ്ഞ ദിവസവും അവരെ വിളിച്ച് കേസ് എവിടെവരെയായി എന്ന് അന്വേഷിച്ചു. അപ്പോഴപ്പോൾ വിവരങ്ങൾ അറിയിക്കാൻ പറഞ്ഞിട്ടുണ്ട്. ഏറ്റവും ഊർജ്ജിതമായ അന്വേഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസിനെക്കൊണ്ട് പ്രതികളെ കണ്ടുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. എത്രയും വേഗം അവരെ കണ്ടുപിടിക്കാനുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട, മരിച്ചുപോയ രാജൻ എനിക്കും പരിചയമുള്ള ഒരു സുഹൃത്തായിരുന്നു; ഈ സഭയിലെ ഒരു അംഗവുമായിരുന്നു. അദ്ദേഹത്തെപോലെയുള്ള ഒരു പൊതുപ്രവർത്തകന്റെ സ്മാരകത്തിൻമേൽ ഉണ്ടായ ആക്രമണം ശരിക്കും അപലപനീയമാണ്. അതിനു വേണ്ട നടപടികളും സ്വീകരിക്കുമെന്ന് പറയുകയാണ്.

(3) അദ്ധ്യാപകനെ മർദ്ദിച്ച സംഭവം സംബന്ധിച്ച്

ശ്രീ. ബെന്നി ബഹനാൻ: സർ, കഴിഞ്ഞ 22-ാം തീയതി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഒരു പറ്റം സാമൂഹ്യവിരുദ്ധൻമാരുടെ സഹായത്തോടുകൂടി കുറെ എസ്. എഫ്. ഐ. വിദ്യാർത്ഥികളും കടന്നു ചെല്ലുകയും എൽ. എൽ. ബി. പരീക്ഷയ്ക്കു സൂപ്പർവിഷൻ നടത്തിക്കൊണ്ടിരുന്ന ഒരു അദ്ധ്യാപകനെ അദ്ദേഹം മാൽ പ്രാക്ടീസ് കണ്ടുപിടിച്ച കാരണത്താൽ പ്രിൻസിപ്പാളിന്റെ മുമ്പിൽ വച്ചു ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് ദിവസമായി എൽ. എൽ. ബി. പരീക്ഷയുടെ സൂപ്പർവിഷന് യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകൻമാർ പോകുന്നില്ല. ഇന്നലെ യൂണിവേഴ്സിറ്റി കൺട്രോളറും യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥൻമാരുമാണ് അവിടെ സൂപ്പർവിഷൻ നടത്തിയത്. ഇനിയും ഇക്കാര്യത്തിൽ ഒരു നടപടി ഉണ്ടായില്ലെങ്കിൽ സൂപ്പർവിഷനു പോവുകയില്ലെന്ന് അദ്ധ്യാപകർ തീരുമാനിച്ചിരിക്കുകയാണ്. ഇത് അവിടത്തെ മാത്രം പ്രശ്നമല്ല. കഴിഞ്ഞ കുറെ ദിവസങ്ങളായി തിരുവനന്തപുരത്തും മറ്റ് പ്രദേശങ്ങളിലും. എസ്. എഫ്. ഐ. പ്രവർത്തകൻമാർ സാമൂഹ്യവിരുദ്ധൻമാരുടെ സഹായത്തോടുകൂടി അഴിച്ചുവിട്ടിരിക്കുന്ന ക്രൂരമായ മർദ്ദനത്തിന്റെ ഭാഗമാണിത്. ഇന്നലെ മഹാരാജാസ് കോളേജിലും ഇതുപോലെയുള്ള ആക്രമണം നടത്തുകയുണ്ടായി. മാൽ പ്രാക്ടീസ് പിടിച്ചു എന്നതിന്റെ പേരിൽ മർദ്ദനം ഏൽക്കേണ്ടിവന്ന അദ്ധ്യാപകർ ഇന്ന് യൂണിവേഴ്സിറ്റിയിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അദ്ധ്യാപകരുടെ അവശതകളും പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കണം. വളരെയധികം കെ. എസ്. യു. പ്രവർത്തകർ ഉൾപ്പെടെയുള്ളവർ എസ്. എഫ്. ഐ. ക്കാരുടെ മർദ്ദനം ഏറ്റ് ആശുപത്രിയിൽ കഴിയുകയാണ്. ഇതിനെപ്പറ്റി അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, 22-ാം തീയതി യൂണിവേഴ്സിറ്റി കോളേജിൽ അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അവിടെ ഫസ്റ്റ് ഇയർ എൽ. എൽ. ബി. പരീക്ഷയെഴുതിയ കെ. കെ. ബാലചന്ദ്രൻ എന്ന് വിദ്യാർത്ഥി ക്രമക്കേടുകൾ കാണിക്കുകയും ലക്ചറർ ശിവദാസൻ അതു കണ്ടുപിടിക്കുകയും. സീനിയർ അസിസ്റ്റന്റ് സൂപ്പർവൈസർ അവിടെ പോയി പരിശോധിച്ചതിൽ അത് ശരിയാണെന്നു തെളിയുകയും അതിന്റെ അടിസ്ഥാനത്തിൽ ആ കുട്ടിക്കെതിരായി നടപടി സ്വീകരിക്കുകയും ചെയ്തു. അതിനുശേഷം പ്രിൻസിപ്പാൾ കൊടുത്ത റിപ്പോർട്ടിൽ പറയുന്നത് പ്രിൻസിപ്പാളിന്റെ മുറിയിലുണ്ടായിരുന്ന ഈ അദ്ധ്യാപകനെ അവിടെ കടന്നുചെന്ന ചില കുട്ടികൾ കയ്യേറ്റം ചെയ്യുകയും ആ വനിതാ പ്രിൻസിപ്പാളിനെ അസഭ്യം വിളിക്കുകയും ചെയ്തു എന്നാണ്. ഈ സംഭവം വളരെ നിർഭാഗ്യകരമായിപ്പോയി. അതിനെത്തുടർന്ന് എ. ബ്രൈറ്റ്, ദാമോദരൻ, റോബിൻ, ഡിക്രൂസ്, അശോകൻ എന്നീ നാല് കുട്ടികളെ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഇതിനെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് തരാൻ 3 പ്രൊഫസർമാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ സംഭവം പോലീസിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിറ്റി പോലീസ് കമ്മീഷണർ തന്നെ നേരിട്ട് ഇതിൽ ഇടപെട്ട് കേസ് എടു

LIBRARY ARCHIVES Kerala Legislative Assembly